**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **04-02-2026 - ൽ മറുപടിയ്ക്ക്**

**നാളികേര കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേരത്തിന് ഉല്പാദനചെലവ് പോലും ലഭിക്കാതെ നിരവധി കർഷകർ തെങ്ങുകൃഷി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രായാധിക്യം കൊണ്ടും രോഗകീടബാധമൂലവും ഉൽപാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ നടുന്നതിനായുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്<br><br>പ്രായാധിക്യം കൊണ്ടും രോഗ കീടബാധ മൂലവും ഉൽപാദനക്ഷമത വളരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ നട്ടു പിടിപ്പിക്കുന്നതിനായി സംസ്ഥാന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാന സർക്കാരിന്റെ സമഗ്ര തെങ്ങ് കൃഷി വികസന പദ്ധതിയിൽ കേരഗ്രാമം ഘടകമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ പ്രായാധിക്യം വന്നതും കുറഞ്ഞ വിളവ് തരുന്നതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉയർന്ന ഉൽപാദനശേഷിയുള്ള നാടൻ, കുറിയ, സങ്കര ഇനങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി സബ്സിഡിയുടെ സഹായം നൽകുന്നു. രോഗബാധ മൂലം ഉൽപാദനശേഷി നശിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനായി ഒരു തെങ്ങിന് 1000/- രൂപ ക്രമത്തിലും ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്നതിന് തൈ ഒന്നിന് 60/ രൂപയും നൽകിവരുന്നു.<br><br>ഈ സാമ്പത്തിക വർഷം 74 കേരഗ്രാമങ്ങൾ അനുവദിച്ചിട്ടുണ്ട്. ഒരു കേരഗ്രാമത്തിൽ 10 ലക്ഷം രൂപ ടി ഘടകത്തിനായി മാറ്റിവെച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ സംസ്ഥാന സർക്കാർ രൂപീകരിച്ച നാളികേര വികസന കൗൺസിലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പദ്ധതി പ്രകാരം ഗുണമേന്മയുള്ള നാടൻ, പശ്ചിമതീര കുറിയ ഇനം, സങ്കരയിനം തെങ്ങിൻതൈകൾ 50% സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.<br><br>2. നാളികേര വികസന ബോർഡ് (Coconut Development Board-CDB) മുഖേനയും പ്രായാധിക്യം വന്നതും രോഗ കീടബാധമൂലം ഉൽപാദനശേഷി നഷ്ടപ്പെട്ടതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉയർന്ന ഉൽപ്പാദനശേഷിയുള്ള മെച്ചപ്പെട്ട ഇനങ്ങളുടെ തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്ന Replanting & Rejuvanation പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>• ഒരു ഹെക്ടറിന് പരമാവധി 32000/- രൂപ (പരമാവധി 32 തെങ്ങുകൾ) സഹായമായി നൽകും.<br>• വെട്ടി മാറ്റിയ തെങ്ങുകൾക്ക് പകരം പുതിയ തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്നതിന് 50% സബ്സിഡി നൽകും. ഇതിന് ഒരു ഹെക്ടറിന് പരമാവധി 4500/- രൂപ അനുവദിക്കും.<br>• അതേ തോപ്പിൽ അവശേഷിക്കുന്ന തെങ്ങുകളുടെ പരിപാലനത്തിനായി ഒരു ഹെക്ടറിന് പരമാവധി 17500/- രൂപ രണ്ടു വർഷങ്ങളിലായി അനുവദിക്കും.<br><br>ടി പദ്ധതിയിൽ ഒരു ഹെക്ടറിന് 54000/- രൂപ ലഭ്യമാക്കുന്നു. ഈ സാമ്പത്തിക വർഷം Replanting & Rejuvanation പദ്ധതി പ്രകാരം 1500 ഹെക്ടർ സ്ഥലത്തേക്ക് 678.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>3. 'കേര' പദ്ധതിയിൻ കീഴിൽ തെങ്ങിന്റെ കൃഷിയ്ക്കു വേണ്ടി 90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള പദ്ധതി രൂപീകരണം സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുന്നു. |
| (സി) | സർക്കാർ തലത്തിൽ കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് നാളികേര സംഭരണം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | താല്പര്യമുള്ള ഏതൊരു സംഘത്തിനും (പ്രാഥമിക സഹകരണ സംഘങ്ങൾ, കാർഷിക സംഘടനകൾ /കൃഷിക്കൂട്ടങ്ങൾ) തുടങ്ങിയവ അതാത് ജില്ലാ മോണിറ്ററിംഗ് സമിതി മുമ്പാകെ അപേക്ഷ സമർപ്പിച്ച് നാളികേര സംഭരണ കേന്ദ്രം തുടങ്ങാവുന്നതാണ്. കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനായി 2022-23 വർഷം മുതൽ VFPCK സമിതികളെയും നാളികേരസംഭരണ കേന്ദ്രങ്ങളായി അനുവദിച്ചിട്ടുള്ളതും 68 പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ നിലവിൽ പൊതു |

| | | | |
|---|---|---|---|
| | | | വിപണിയിലെ നാളികേരവില സംഭരണ വിലയേക്കാൾ ഉയർന്നുനിൽക്കയാൽ പുതിയ സംഭരണ കേന്ദ്രങ്ങളുടെ ആവശ്യകത നിലവിൽ ഇല്ല. കർഷകർ അധിക സംഭരണ കേന്ദ്രങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ പരിശോധന നടത്തി അവ ആരംഭിക്കുവാൻ അനുമതി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ